**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3983** **15-07-2022 - ൽ മറുപടിയ്ക്ക്**

**ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രിയിലെ അന്തേവാസികൾക്ക് റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ചാലക്കുടി മണ്ഡലത്തിലെ ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രിയിലെ അന്തേവാസികൾക്ക് റേഷൻ വിഹിതം ലഭിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ എന്നു മുതലാണ് റേഷൻ വിഹിതം ലഭിക്കാത്തതെന്നും ആയതിന്റെ കാരണവും വെളിപ്പെടുത്തുമോ; | (ബി) | സംസ്ഥാനത്ത് വൃദ്ധസദനങ്ങൾ, അഗതി മന്ദിരങ്ങൾ, കന്യാസ്ത്രീ മഠങ്ങൾ തുടങ്ങിയ വെൽഫെയർ സ്ഥാപനങ്ങൾക്ക് ഭക്ഷ്യധാന്യങ്ങൾ അനുവദിക്കുന്നതിനായി മുൻകാലങ്ങളിൽ വെൽഫെയർ പെർമിറ്റ് അനുവദിച്ചിരുന്നു. ഇപ്രകാരം സ്ഥാപനങ്ങൾക്ക് പ്രതിവർഷം 11927.28 MT അരിയും, 5035.9 MT ഗോതമ്പും ക്ഷേമസ്ഥാപനങ്ങൾക്ക് നൽകുന്നതിനായി 9/2018 വരെ അലോട്ട്മെന്റ് ലഭ്യമായിരുന്നു. 10/2018നു ശേഷം നാളിതുവരെ അലോട്ട്മെന്റ് ലഭ്യമായിട്ടില്ല. എന്നാൽ 10/201 മുതൽ 3/2022 വരെ 5.65 രൂപ/കി.ഗ്രാം എന്ന നിരക്കിൽ 2837.885 MT അരിയും, 4.15 രൂപ കി.ഗ്രാം എന്ന നിരക്കിൽ 736.027 MT ഗോതമ്പും വക മാറ്റി വിതരണം നടത്തിയിട്ടുണ്ട്. ഇതുവഴി സംസ്ഥാനത്തിന് 1.65 കോടി രൂപയുടെ അധിക ബാധ്യത ഉണ്ടായിട്ടുണ്ട്. എന്നാൽ കേന്ദ്ര ഭക്ഷ്യപൊതുവിതരണ വകുപ്പ് മന്ത്രിയുടെ 06.01.2022 ലെ D.O.No.2/Kerala/2017-BB-III (333461) കത്തു പ്രകാരം മറ്റു സ്കീമുകൾ മുഖേന ലഭ്യമാകുന്ന ഭക്ഷ്യധാന്യങ്ങൾ വെൽഫെയർ സ്കീമിലേക്ക് വ മാറ്റുന്നില്ലെന്ന് ഉറപ്പാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. |
| (സി) | അഗതികളായ അന്തേവാസികൾക്ക് റേഷൻ കൃത്യമായി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) | വെൽഫെയർ സ്കീം പ്രകാരം മുൻപ് ലഭ്യമായിരുന്ന ഭക്ഷ്യധാന്യ വിതരണം പുന:സ്ഥാപിക്കാൻ നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ